പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

ചട്ടം 300 അനുസരിച്ച് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ 2018 ജൂൺ 7ന് സഭയിൽ നടത്തിയ പ്രസ്താവന

സംസ്ഥാനത്ത് കാർഷികവൃത്തിയ്ക്കുവേണ്ടി വായ്പയെടുക്കുന്ന ഒരു കർഷകൻ പോലും ആത്മഹത്യയിലേക്ക് പോകരുതെന്ന നിശ്ചയദാർഢ്യമാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കാർഷിക കടാശ്വാസ കമ്മീഷന് രൂപംനൽകിയത്. അതിനു മുമ്പ് 2001-06 കാലഘട്ടത്തിൽ, കേരളത്തിലെ കർഷക ആത്മഹത്യ വ്യാപകമായ നിലയിലായിരുന്നു. എന്നാൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 2006-2011 കാലത്ത് കേരളത്തിൽ അധികാരത്തിലിരുന്ന സമയത്ത്, ജസ്റ്റിസ് കെ.ആർ. ഉദയഭാനു ചെയർമാനായി 2007 ജനുവരി എട്ടിന് കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിക്കുകയും കർഷകരുടെ വായ്പാബാധ്യത പരിഗണിച്ച് ആയതിന് ആശ്വാസം ലഭിക്കുന്ന തരത്തിൽ ഫലപ്രദമായി ഇടപെടുകയും ചെയ്തതോടെ കർഷക ആത്മഹത്യാനിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും തുടർന്ന് ഒരു കർഷകൻ പോലും കാർഷിക കടത്തിന്റെ പേരിൽ ജീവനൊടുക്കാൻ ഇടയാകാത്ത സ്ഥിതി സൃഷ്ടിക്കുകയും ചെയ്തു. എന്നാൽ, അതിനു ശേഷം, വീണ്ടും സ്ഥിതി പഴയതുപോലെയായി. ഇക്കാലത്ത് കടാശ്വാസം ലഭിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കണമെന്ന് ആവശ്യമുയർന്നുവെങ്കിലും അത് നടപ്പിലായിരുന്നില്ല.

ഈ സർക്കാർ അധികാരമേറ്റതിനുശേഷം കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. ഇതേ തുടർന്ന് കഴിഞ്ഞ രണ്ടുവർഷത്തിനിടെ, ഇതുവരെ ഒരു കർഷക ആത്മഹത്യ പോലും സംസ്ഥാനത്ത് ഉണ്ടായിട്ടില്ല എന്നത് നമ്മുടെ നേട്ടമാണ്. കർഷകർ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി എടുത്തിട്ടുള്ള കാർഷിക വായ്പയുടെ കുടിശ്ശികയാണ് കമ്മീഷൻ പരിഗണിക്കുന്നത്. ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ നടന്ന വയനാട് ജില്ലയിലെ കർഷകരുടെ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകളും മറ്റ് ജില്ലകളിൽ 2007 ജനുവരി 18 വരെയുള്ള വായ്പകളുമാണ് കടാശ്വാസത്തിന് പരിഗണിച്ചിരുന്നത്. സംസ്ഥാനത്തെ ലക്ഷക്കണക്കിന് ചെറുകിട-നാമമാത്ര കർഷകർക്ക് ആശ്വാസം നൽകുന്ന ചരിത്രപരമായ തീരുമാനമാണ് സംസ്ഥാന സർക്കാർ എടുത്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 6193 കർഷകർക്കായി 16,06,77,951 രൂപയുടെ കടാശ്വാസം നൽകുന്നതിന് ശുപാർശ ചെയ്തിരുന്നു. 2017-18 സാമ്പത്തികവർഷം 3037 അപേക്ഷകർക്ക് കടാശ്വാസം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. 2015 ഒക്ടോബർ 31ന് മുമ്പ് കാർഷിക കടാശ്വാസ കമ്മീഷന് ലഭിച്ച അപേക്ഷകളാണ് ഇപ്പോൾ പരിഗണിക്കുന്നത്. 217,00,78,529 രൂപ കടാശ്വാസം നൽകുന്നതിനായി കമ്മീഷൻ ഇതുവരെ ശുപാർശ ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ച് 189,21,36,046 രൂപയുടെ ആനുകൂല്യം ഇതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ കാർഷിക വായ്പകൾ എടുത്തത് തിരിച്ചടയ്ക്കാനാകാതെ ജീവിതം വഴിമുട്ടിനിൽക്കുന്ന കർഷകരെ സഹായിക്കാൻ കടാശ്വാസ കമ്മീഷൻ പരിഗണിക്കുന്ന വായ്പയുടെ കാലാവധി ദീർഘിപ്പിക്കണമെന്ന കർഷകരുടെ നിരന്തരമായ ആവശ്യം പരിഗണിച്ചാണ്, കർഷകർക്ക് തുടർന്നും ആശ്വാസം നൽകുന്നതിന് സംസ്ഥാന മന്ത്രിസഭ ഇന്നലെ തീരുമാനമെടുത്തത്. വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ കുടിശ്ശികയായ കാർഷിക വായ്പകളും മറ്റ് ജില്ലകളിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകളുമാണ് ഇപ്പോൾ കാർഷിക കടാശ്വാസത്തിന് പരിഗണിക്കുന്നതിന് ഈ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നൂറുകണക്കിന് കർഷകർ ആത്മഹത്യ ചെയ്യുകയും കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്ന ആവശ്യവുമായി സമരരംഗത്ത് തുടരുകയും ചെയ്യുന്ന സമയത്താണ്, കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ, പ്രകടനപത്രികയിൽ നൽകിയിട്ടുള്ള ഉറപ്പ് പാലിക്കുകയും കർഷകരോടുള്ള പ്രതിബദ്ധത വിളിച്ചറിയിക്കുന്ന ചരിത്രപരമായ തീരുമാനമുണ്ടായിരിക്കുന്നത്. മാത്രവുമല്ല, ഇനി ഒരു കർഷകൻ പോലും കൃഷി ലാഭകരമല്ലാതായതിന്റെ പേരിൽ ഇവിടെ ആത്മഹത്യയിലേക്ക് നീങ്ങാൻ ഇടയാകരുത് എന്ന നിർബന്ധവും സംസ്ഥാന സർക്കാരിനുണ്ട്. അതുകൊണ്ട് കാർഷികവൃത്തി കൂടുതൽ ലാഭകരമാക്കുന്നതിനും കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനുമുള്ള നയപരവും ക്രിയാത്മകവുമായ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,

2018 ജൂൺ 7.